(ഐ) ഈ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിയും, സഹായവും ലഭ്യമാക്കുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

22 (*252) ജനകീയ പങ്കാളിത്തത്തോടെയുള്ള ഗ്രാമവികസനം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെ ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഗ്രാമീണ ജനവിഭാഗങ്ങൾക്കു കുടിവെള്ളം നൽകാനും കക്കൂസ് നിർമ്മിക്കാനും വേണ്ടി തയ്യാറാക്കിയ പദ്ധതി ഏതെല്ലാം ബ്ലോക്കുകളിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളാണോ;

(ഇ) ഇതിനുവേണ്ടി നടത്തിയ സർവ്വേ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഗ്രാമവികസന വകുപ്പു നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ എല്ലാം തന്നെ 1998-99 വർഷം മുതൽ ത്രിതല പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനവുമായി സംയോജിപ്പിച്ച് നടപ്പാക്കാൻ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കുടിവെള്ളം, ശുചിത്വം, ആരോഗ്യം എന്നീ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന ശുചിത്വ ആരോഗ്യമിഷൻ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പ്രാരംഭ ദിശയിലാണ്. ബ്ലോക്കുകൾ പ്രത്യേകമായി തെരഞ്ഞെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഗ്രാമവികസന വകുപ്പ് പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലൂടെ നടപ്പാക്കിവരുന്ന എല്ലാ വ്യക്തിഗത പരിപാടികളുടെയും ഗുണഭോക്താക്കളെ ഗ്രാമസഭയുടെ പങ്കാളിത്തത്തോടെയാണ് തെരഞ്ഞെടുക്കുന്നത്.

(ഇ) കുടിവെള്ളം, ശുചിത്വം, ആരോഗ്യം എന്നിവയ്ക്കായി സംസ്ഥാനതലത്തിൽ പ്രത്യേക സർവ്വേ നടത്തിയിട്ടില്ല.

23 (*253) കടലാക്രമണം തടയുവാൻ നടപടി

ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :

LIBRARY ARCHIVES Kerala Legislative Assembly